ശ്രീ. കെ. പി. രാജേന്ദ്രൻ : ഇത് വളരെ ചർച്ച ചെയ്യേണ്ട ഒരു നിർദ്ദേശം തന്നെയാണ്. വലിയ കമ്പനികളും അതുപോലെ തന്നെ മാഫിയകളും വളരെ സംഘടിതമായി ഈ രംഗത്തുണ്ട്. അത് കർശനമായി തടയാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന് കഴിയുന്ന വിധത്തിൽ തൊഴിലാളി സഹകരണ സംഘങ്ങളും നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ട് ഇത് ഏറ്റവും വേഗത്തിൽ ലഭ്യമാക്കാനും തൊഴിൽ സംരക്ഷിക്കാനും വികസന പ്രവർത്തനങ്ങൾ തടസ്സമില്ലാത്ത വിധത്തിൽ കൊണ്ടുപോകാനും ഉതകുന്ന തീരുമാനങ്ങളാണ് എടുക്കുന്നത്. കൂട്ടായ ചർച്ച ഇനിയും ഇത് സംബന്ധിച്ച് വേണ്ടിവരും. ആ ചർച്ചകളിലൂടെ ബഹുമാനപ്പെട്ട സി.കെ.പി. ഉന്നയിച്ച നിർദ്ദേശം ഉൾപ്പെടെ നമുക്ക് വ്യക്തമായ തീരുമാനത്തിൽ എത്താൻ കഴിയുന്നതാണ്.

III സബ്മിഷൻ

(1) അപകടത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

ശ്രീ. സി. എം. ദിനേശ് മണി : സർ, 2010 ഡിസംബർ മാസം 16-ാം തീയതി പാലാരിവട്ടം ബൈപ്പാസിൽ വച്ച് ഒരു ടിപ്പർ ഇന്നോവയിൽ ഇടിച്ച് അതിലുണ്ടായിരുന്ന ആറ് ചെറുപ്പക്കാർ മരണപ്പെടുകയുണ്ടായി. പള്ളുരുത്തി സ്വദേശികളാണ് ഈ ആറുപേരും. മൂന്നുപേർ ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിലാണ്. മരിച്ച ഹാരീസ്, നിംഷാദ്, നിസാം, അൻവർ, ഷിജാസ് എന്നിവർ വളരെ പാവപ്പെട്ട കുടുംബാംഗങ്ങളാണ്. ഇവരുടെ മരണത്തോടെ അനാഥമായ അവരുടെ കുടുംബങ്ങളെ സഹായിക്കണം എന്നുള്ളതാണ് ബഹുമാനപൂർവ്വം മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, എറണാകുളം ജില്ലയിൽ ബൈപ്പാസ്സിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ ആറു പേരുടെ കുടുംബാംഗങ്ങൾക്ക് മുപ്പതിനായിരം രൂപ വീതവും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന നാലുപേർക്ക് പതിനായിരം രൂപ വീതവും അനുവദിക്കുവാൻ 22-12-2010-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(2) പെൻഷനും ആനുകൂല്യങ്ങളും

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 1975-1977 കാലത്തെ ആഭ്യന്തര അടിയന്തരാവസ്ഥയ്ക്കെതിരെ രാജ്യമെമ്പാടും നടന്ന സമരങ്ങൾ സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കുംവേണ്ടി നടന്ന ജനാധിപത്യ സമരങ്ങളാണെന്ന് രാജ്യം മുഴുൻ അംഗീകരിച്ചു കഴിഞ്ഞു. ഭരണഘടന ഉറപ്പ് നൽകുന്ന ജനാധിപത്യമൂല്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി നടന്ന സമരങ്ങളിൽ പങ്കെടുത്ത് കേരളത്തിലെ വിവിധ തടവറകളിൽ തടവുകാരായവർ നിരവധിയുണ്ട്. കൊടിയ പീഡനങ്ങൾക്ക് ഇരയായതിനെത്തുടർന്ന് ചിലർ

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചു. അവശേഷിക്കുന്നവരിൽ പലരും അവശരും ആരോഗ്യം ക്ഷയിച്ച് പ്രയാസപ്പെട്ട് ജീവിതം നയിക്കുന്നവരുമാണ്. മദ്ധ്യപ്രദേശ്, പഞ്ചാബ്, യു.പി. സർക്കാരുകൾ രാഷ്ട്രീയ തടവുകാരായി ഇവരെ അംഗീകരിച്ചതുപോലെ കേരള സർക്കാരും രാഷ്ട്രീയ തടവുകാരായി ഇവരെ അംഗീകരിച്ച് സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും യാത്രാ സൗകര്യങ്ങളും ചികിൽസാ ചെലവുകളും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടിയന്തരാവസ്ഥ കാലത്ത് തടവ് ശിക്ഷ അനുഭവിച്ചവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അടിയന്തരാവസ്ഥ കാലത്ത് MISA, DIR എന്നിവ പ്രകാരം ഏതാണ്ട് അയ്യായിരത്തി അഞ്ഞൂറിൽപ്പരം പേർ ജയിലിൽ കഴിഞ്ഞിട്ടുള്ളതായിട്ടാണ് പ്രാഥമിക കണക്കുകൾ. ഇവരെ രാഷ്ട്രീയ തടവുകാരായി അംഗീകരിച്ച് സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്നതുപോലെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(3) എൻഡോസൾഫാൻ ബാധിതർ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ കയ്യൂർ ചീമേനി പഞ്ചായത്തിൽ ഏതാണ്ട് അയ്യായിരത്തിൽപ്പരം ഏക്കർ സ്ഥലത്തുള്ള കാഷ്യൂ പ്ലാന്റേഷനിൽ ഏയറിയൽ സ്പ്രെ വഴി എൻഡോസൾഫാൻ തളിച്ചതിന്റെ ഭാഗമായിട്ട് ഒരുപാട് രോഗികളുണ്ട്. അവർക്ക് ആവശ്യമായിട്ടുള്ള ചികിൽസയും മറ്റ് സൗകര്യങ്ങളൊക്കെ ആ പഞ്ചായത്തിൽ കിട്ടുന്നുണ്ട്. നമ്മുടെ ഗവൺമെന്റിൽ നിന്ന് വലിയ സഹായമാണ് ലഭിക്കുന്നത്. വലിയ ശ്രദ്ധയാണ് ആ കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രിയും അതുപോലെ തന്നെ ആരോഗ്യമന്ത്രിയും മുൻകൈയെടുത്ത് അവിടെ ചെയ്തിട്ടുള്ളത്. എന്നാൽ അതിന് തൊട്ട് അടുത്തുള്ള കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടമ്പ്, പെരിങ്ങോം-വയക്കര, കാസർഗോഡ് ജില്ലയിൽത്തന്നെയുള്ള ചീമേനി പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി എന്നി പഞ്ചായത്തുകളിലുമായി നൂറ് കണക്കായ രോഗികളുണ്ട്. ഞാൻ അവരുടെ വീടുകളിലൊക്കെ പോയിരുന്നു. കരളലിയിക്കുന്ന കാഴ്ചകളാണ് അവിടെയുള്ളത്. ഇപ്പോഴുള്ള ചികിൽസാ സഹായ ദുരിതാശ്വാസ പദ്ധതിയിൽ ഈ പ്രദേശങ്ങളും പഞ്ചായത്തുകളും ഉൾപ്പെടുന്നില്ല. അതുകൊണ്ട് അടിയന്തിരമായിട്ടും ഈ നാല് പഞ്ചായത്തുകളിലെ രോഗികൾക്ക് കൂടി ആവശ്യമായിട്ടുള്ള സമാശ്വാസ പദ്ധതികൾ എത്തിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിലാണ് ആരോഗ്യ വകുപ്പ് എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയിട്ടുള്ളത്. പ്രസ്തുത സർവ്വേയിൽ 2836 പേരെയാണ് എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുള്ളത്. ഇവരെ പുനരധിവസിപ്പിക്കുന്നതിനും ചികിൽസിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly